# Eമൊഴി

little KITEs

ഇ-മാഗസിൻ 2018-19

ഗവൺമെന്റ് ഹൈസ്കൂൾ, പന്നിപ്പാറ

# E – മൊഴി




## ഗവ ഹൈസ്കൂൾ പന്നിപ്പാറ

# ആമുഖം

ഗവ ഹൈസ്കൂൾ പന്നിപ്പാറ ലിറ്റിൽ കൈറ്റ്സ് ക്ലബ്അംഗങ്ങളുടെ ഒരു പ്രവർത്തനമാണ് ഈ മാഗസിൻ.31 അംഗങ്ങളുടെ കൂട്ടായ ശ്രമത്തിന്റെ ഭാഗമായി തയ്യാറാക്കിയ ഈ മാഗസിൻ വിദ്യാർത്ഥികൾക്കൊപ്പം അധ്യാപകർക്കും ഏറെ പ്രതീക്ഷ നൽകുന്നതാണ്.

ഭാവിയിൽ കൂടുതൽ വിദ്യാർത്ഥികളെ ലിറ്റിൽ കൈറ്റ്സ് ക്ലബിലേക്ക് ആകർഷിക്കാനും കാലത്തിനൊത്ത് മുന്നേറാനും ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ലിറ്റിൽ കൈറ്റ്സ് പദ്ധതിയിലേക്ക് ഞങ്ങളുടെ സ്കൂളിന് തെരഞ്ഞെടുത്തതിൽ ലിറ്റിൽ കൈറ്റ്സ് അധികാരികളോടുള്ള ആത്മാർഥതയും കടപ്പാടും ഇവിടെ രേഖപ്പെടുത്തുന്നു.

# എഡിറ്റോറിയൽ

***ഇത് ഞങ്ങളുടെ ഇ മാഗസിൻ മൊഴി***

*കൂട്ടായ്മയും സാങ്കേതിക വിദ്യയും കൈകോർത്തപ്പോൾ*
*പിറവിയെടുത്ത സർഗ താളങ്ങൾ........*
*കഥകളും കവിതകളും ചിത്രങ്ങളും ചേർന്ന് ലിറ്റിൽ കൈറ്റ്സ്*
*പ്രതിഭകൾ അണിയിച്ചൊരിക്കിയ ഈ ഡിജിറ്റൽ മാഗസിൻ*
*പ്രതീക്ഷയുടെയും പ്രത്യാശയുടെയും പുതുവർഷങ്ങൾ*
*തീർക്കുന്നുണ്ട്....*
*ഇന്റർനെറ്റ് യുഗത്തിൽ കാലത്തിനൊത്ത് ചലിക്കാൻ ഗ്രാമീണ*
*കൗമാരങ്ങൾക്കും ലഭിക്കുന്ന സുവർണ്ണാവസരം.......*
*ഈ മാഗസിൻ പിറവിയിൽ പങ്കാളികളായി അകത്തളത്തെ*
*വർണ്ണാഭമാക്കാൻ ഞങ്ങൾക്ക് ഉപദേശങ്ങൾ നൽകിയവരെ*
*ഇവിടെ സ്നേഹപൂർവ്വം സ്മരിക്കുന്നു......*
*വാക്കുകളൊക്കയും പൂക്കളാവുന്ന ഹൃദ്യാനുഭവം*
*കാലാതീതമാകട്ടെ....*
*കുട്ടികളുടെ പ്രതിഭാതിളക്കം ആകാശംവിട്ട് മറ്റൊരു*
*ആകാശത്തേക്ക് കുതിക്കട്ടെ......*
*വിവര സാങ്കേതിക വിദ്യയുടെ കുഞ്ഞൊഴിക്കിൽ നിലാവ് പെയ്യുന്ന*
*നാട്ടുവഴികൾ തീർക്കാൻ ഞങ്ങൾക്ക് കഴിഞ്ഞെങ്കിൽ ....*

# *എഡിറ്റോറിയൽ ബോർഡ്*

*നിദ ഫർഹ പികെ (എഡിറ്റർ)*

***അംഗങ്ങൾ***

മിസ്‌രിയ തസ്‌നി

ഫഹ്മിദ പി

നന്ദന എംകെ

ഷാല്യ കൃഷ്ണ പി

ബിൻഷിദ

റുബ്ഷിൻ

റഷ

ദിയമോൾ

ഹിഷാം

അശ്വന്ത്

ഫിദമോൾ

ഫാത്തിമ ദിൽഫ

# താളുകളിൽ


- ഇവിടം ഇങ്ങനെയാണ്
- ഹരിത കേരളം
- ഓർമകളാവുമ്പോൾ കേരളം
- പുലരി പൂക്കുമ്പോൾ
- മലയാളമാണ് എന്റെ ഭാഷ
- ഒരു ഗ്രാമീണ കഥ
- എന്തെ മടങ്ങാതെ നിന്നവർ
- ഞാൻ വായിച്ച കവിത
- ഒരു കുളിർ മഴക്കായി
- ഉറക്കം
- കുസൃതിക്കാരി
- മാതൃസ്നേഹം
- മേഘങ്ങൾ സാക്ഷിയായി
- കാഴ്ച്ചകൾ
- ചിലത്
- ശൂന്യമോ ഈ യാത്ര
- വിദ്യാലയം
- ഒരു യാത്ര
- അറിയാതെ വന്ന മഴ

# Message

പുതിയ അധ്യയന വർഷത്തിൽ സന്തോഷപൂർവ്വം ലിറ്റിൽ കൈറ്റ്സ് ക്ലബ് അംഗങ്ങൾ ഇറക്കുന്ന ഈ മാഗസിന്, എല്ലാ ആശംസകളും നേരുന്നു.

Sd/-

Muhammad OC

# ഇവിടം ഇങ്ങനെയാണ്, വിദ്യാലയ പ്രവർത്തനങ്ങളിലൂടെ

എടവണ്ണ ഗ്രാമ പഞ്ചായത്തിൽ പന്നിപ്പാറ ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന ഒരു സർക്കാർ വിദ്യാലയമാണ് **ജി.എച്ച്.എസ്. പന്നിപ്പാറ.** ചാലിയാറിന് തീരത്താണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത് . 1932-ൽ സ്ഥാപിച്ച ഈ വിദ്യാലയം മലപ്പുറം ജില്ലയിലെ ഏറ്റവും പഴക്കമേറിയ വിദ്യാലയങ്ങളിലൊന്നാണ് .ഗ്രാമീണ മേഖലയിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം നാടിന്റെ സാമൂഹിക ,സാംസ്കാരിക ,വിദ്യാഭ്യാസ പുരോഗതിക്ക് വഴിതെളിയിച്ച കൊണ്ടിരിക്കുന്നു. ജാതി മത വർഗ വർണ ഭേദമന്യേ എല്ലാവരേയും കോർത്തിണക്കുന്ന സാമൂഹ്യ



സ്ഥാപനമാണ് ഞങ്ങളുടെ ഈ വിദ്യാലയം. 1932 മേയിൽ പി കെ മമ്മദ്ഹാജി 50 സെന്റ് സ്ഥലത്ത് ഒരു പ്രീ പ്രൈമറി സ്കൂൾ എന്ന നിലയിലാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. 1974 ൽ യു പി സ്കൂൾ ആയിരുന്ന ഈ വിദ്യാലയം 2013-ൽ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടു .പി.കെ ബഷീർ MLA യുടെ നേതൃത്വത്തിൽ RMSA പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇത് ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടത്. അതോടു കൂടി നാട്ടുകാരുടെ ചിരകാല അഭിലാഷമായിരുന്ന ഹൈസ്കൂൾ




/

പ്രവർത്തനമാരംഭിച്ചു.

ഓരോ അധ്യയന വർഷങ്ങൾ പിന്നിടുമ്പോഴും മികവിന്റെ കേന്ദ്രമായി നേട്ടങ്ങളിൽ നിന്നു നേട്ടങ്ങളിലേക്ക് കുതിച്ചു കൊണ്ടിരിക്കുകയാണ്. മുഴുവൻ കുട്ടികൾക്കും നിറവാർന്ന വിദ്യാലയാനുഭവങ്ങൾ ഒട്ടും ചോരാതെ നൽകുവാൻ പ്രതിജ്ഞാബദ്ധമാണ് നമ്മുടെ വിദ്യാലയം.കഴിഞ്ഞ വർഷത്തെ നേട്ടങ്ങളും മികവുകളും അക്കമിട്ടു നിരത്തുകയല്ല ഇവിടെ. മനസ്സിൽ തങ്ങി നിൽക്കുന്ന ചില പ്രവർത്തനങ്ങൾ കേവലം മണിയൊച്ചയുടെ സമയപരിമിതിക്കപ്പുറം , ലക്ഷ്യബോധത്തോടെയും ആസൂത്രണ മികവോടെയും ചെയ്തു നടപ്പിലാക്കിയ കാര്യങ്ങളുടെ ചെറുരേഖ അഭിമാനപൂർവ്വം അവതരിപ്പിക്കട്ടെ. ഒരുപാട് ഇല്ലായ്മകളിൽ നിന്നും പരാധീനതകളിൽ നിന്നും ഉയർത്തെഴുന്നേൽക്കാൻ ശ്രമിക്കുന്ന ഈ വിദ്യാലയം പരിമിതമായ സൗകര്യങ്ങൾ ഉപയോഗിച്ച് അധ്യാപക കൂട്ടായ്മ കൊണ്ടാണ് മുന്നേറിക്കൊണ്ടിരിക്കുന്നത്.




ശക്തമായ നേതൃത്വം , ലക്ഷ്യബോധമുള്ള അധ്യാപക കൂട്ടായ്മ കരുത്തേറിയ പി ടി എ എന്നിവ ഞങ്ങളുടെ വിദ്യാലയത്തെ മുന്നോട്ട് നയിക്കുന്നു. വിദ്യാലയത്തിന്റെ ഫീഡിംഗ് ഏരിയകളെ 4 ആക്കി തിരിച്ചു കൊണ്ട് നടത്തിയ "നാട്ടുകൂട്ടം " കോർണർ പി.ടി.എകൾ , പഠന പിന്നോക്ക ഏരിയകൾ കണ്ടെത്തി കുട്ടികൾ രക്ഷിതാക്കൾക്കൊപ്പം പങ്കെടുത്തു കൊണ്ട് നടപ്പിലാക്കിയ "എന്റെ കുട്ടിയോടൊപ്പം "എന്ന രാത്രിക്കാല പഠനവീടുകൾ , രക്ഷിതാക്കൾക്കുള്ള മോട്ടിവേഷൻ ക്ലാസുകൾ , വിദ്യാർത്ഥികൾക്കുള്ള കൗൺസിലിംഗ് ക്ലാസുകൾ , വിദ്യാർത്ഥികൾക്ക് കൃഷിയിൽ താൽപര്യം ഉണ്ടാക്കുന്നതിനും വിഷരഹിത പച്ചക്കറികൾ ഉച്ചഭക്ഷണ പദ്ധതിലേക്ക് നൽകുന്നതിനുമുള്ള "ഹരിതാലയം " പദ്ധതി തുടങ്ങിയവ കഴിഞ്ഞവർഷം നടന്നു.

**നേട്ടങ്ങൾ,അവാർഡുകൾ**

- 2014-15 വർഷത്തിൽ SSLC 100% വിജയം .
- 2015-16 വർഷത്തിലെ സബ്ജില്ലാ തല ബെസ്റ്റ് പി ടി എ അവാർഡ് നേടിയ വിദ്യാലയം



- 2016-17 വർഷത്തിലെ ഏറനാട് മണ്ഡലത്തിലെ മികവ് മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ വിദ്യാലയം.
- 2017-18 വർഷത്തിൽ SSLC 100% വിജയം
- 2017-18 വർഷത്തിൽ 4 USS , 8 Full A+ , 3 NMMS ,1 LSS
- 2017-18 വർഷത്തിൽ അറബിക് കലോത്സവം (H S വിഭാഗം ) 3rd ഓവറോൾ
- വിദ്യാലയ ചരിത്രത്തിൽ ആദ്യമായി സ്റ്റേറ്റ് കലോത്സവത്തിൽ ഹൈസ്കൂൾ അറബിക് പദ്യം ചൊല്ലൽ മത്സരത്തിൽ A ഗ്രേഡ്
- 2017-18 നമാറ്റ്സ് പരീക്ഷയിൽ അരീക്കോട് സബ് ജില്ലയിൽ ഒന്നാം സ്ഥാനവും നാലാം സ്ഥാനവും .



**സ്കൂൾ തനത് പ്രവർത്തനങ്ങൾ**

- വീണ്ടും മുന്നേറാം.
- കുഞ്ഞി പ്രാതൽ(ആരോഗ്യ



സംരക്ഷണം).

- ശുദ്ധജല വിതരണ പദ്ധതി。
- അക്കാദമിക് സമ്മിറ്റ്
- ഇടക്കാല പരീക്ഷകൾ。
- കോർണർ പി.ടി.എകൾ 。
- ഗൃഹസന്ദർശനം ,മോണിംഗ് ക്ലാസുകൾ , രാത്രി കാല പരിശീലന ക്ലാസുകൾ
- വിജയഭേരി , നവപ്രഭ , ഹലോ ഇംഗ്ലീഷ്
- NMMS , LSS , USS പരീശീലനങ്ങൾ。
- സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള " Elite " ക്ലാസുകൾ 。
- ക്ലാസ് ലൈബ്രറികൾ。
- "സാന്ത്വനം " - സ്കൂൾ സഹായ പദ്ധതി 。
- ഇടം – ആകാശവാണി




ഭിന്നശേഷി വാരാചരണം



പ്രവേശനോത്സവം



## ലിറ്റിൽ കൈറ്റ്സ് പരിശീലനം

സ്കൂൾ ശാസ്ത്ര മേള







*എസ് എസ് എൽ സി 100% വിജയം*










# *ഭിന്നശേഷി വാരാചരണം*ഹൗസ് വിസിറ്റിംഗ്




**പുതിയ സ്കൂൾ കെട്ടിടം**



**കെട്ടിട ഉദ്ഘാടനം**




പ്രതിഭകളെ

ആദരിക്കൽ



## ദിനാചരണങ്ങൾ

# <u>ഹരിത കേരളം</u>



പാട്ടും അരുവിയും തോട്ടും
പൂവും മരതക കാട്ടും
മേലെ കളകളം പാട്ടും കാട്ടുചോലയും
മാമലമേട്ടും
വെള്ളിപരപ്പുകൾ പോലെ -
തുള്ളിക്കളിക്കും കടലും
പശ്ചിമ പച്ച മലയും-
പച്ച പാവാട പോലെ വയലും
എന്തൊരു സുന്ദരമാണെൻ
കൊച്ചു കേരളത്തിന്റെ കലയും
എല്ലാം ഒന്നുചേർന്നാൽ
എന്റെ കേരളം എന്തൊരു
ഭംഗി.
ദൈവത്തിന്റെ സ്വന്തം നാട്,
എന്റെ കേരളമെന്നൊരു നാട്.



മുഹമ്മദ് ആസിഫ് . എൻ
9 A

# ഓർമ്മകളാകുമ്പോൾ കേരളം

പണ്ടുള്ളതെല്ലാം മറന്നു മലയാളി
എന്തിനു വേണമീ കെട്ടിടങ്ങൾ?
വയലുകൾ നെല്ലുകൾ പാടങ്ങളൊക്കെയും
മാറിമറയുന്നു എന്നിൽ നിന്നും.
പുഴകൾ കരയുന്നു കുന്നുകൾ ചായുന്നു
പക്ഷികൾ ഓരോന്നും മറഞ്ഞിടുന്നു.
വാടാതിരുന്നൊരു ഉണ്ടു മരങ്ങളും
വാടി തളരുന്ന കാഴ്ചകളും.
ഓടിട്ട വീടുകൾ വാർപ്പുകൾ ആകുന്നു
തെങ്ങും മരങ്ങളും ഇല്ലാതെയാകുന്നു .
സുന്ദരമാകുന്ന നല്ലൊരു ശൈലിയെ
മാറ്റിമറിക്കുന്നു ഇന്നു നമ്മൾ.
മണ്ണും മറയുന്നു സൂര്യനും കരയുന്നു
അറിയാതെ കൊന്നകൾ പൂക്കാതിരിക്കുന്നു.
മലയാള ഭാഷ മറന്നു മലയാളി
അറിയാതെ പറയുന്ന വാക്കുകളും.
അന്നൊരു രാത്രി വെളിച്ചം പരത്തുമാ
മിന്നാമിനുങ്ങുകൾ പോയി മെല്ലെ.
അന്നൊരാ പാടത്തു തെന്നലിൻ ഭംഗിയാൽ
മണ്ണും മനുഷ്യനും അകലേക്കു മറയുന്നു.

സുബിൻ ദേവ്



# പുലരി പൂക്കുമ്പോൾ



ഷിജിൻ . കെ

9 A

പിന്നെയും കാത്തുനിൽപ്പായ്
ഒരു പുലരിക്കു വേണ്ടി
ഇരുട്ടിനെ മായ്ച്ച് വെളിച്ചമേകാൻ
നിൽക്കുന്ന നിനക്കു വന്ദനം.

വയലുകളും പുഴകളും തൊട്ടു-
ണർത്തി , നിന്റെ
വിരലുകളാൽ നീ തലോടിയ
ആ പുലരിയിൽ
നാടുണർന്നു നാം ഉണർന്നു.

പൂക്കളിൽ നീ പുഞ്ചിരിയേകി
ഞങ്ങൾക്ക് നീ വെളിച്ചമേകി
പുഴകളിൽ നീ നീരാടി
എന്നും നിറഞ്ഞു നിൽപ്പായ്

നിൻ ശോഭയിൽ
ഒരു പുതു പുലരിയായ് പിറവിയായ്
ജനിക്കാൻ
എന്നും നീ ഉണർന്നു നിന്നു
അന്നും നീ ഉണർന്നു
കേരള നാടിനായ്.

# മലയാളമാണ് എന്റെ ഭാഷ

മലയാളമാണ് എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്
എന്റെ ആകാശമാണ്
ഞാൻ കാണുന്ന
നക്ഷത്രമാണ്
എന്നെ തഴുകുന്ന കാറ്റാണ്
എന്റെ ദാഹം ശമിപ്പിക്കുന്ന
കുളിർവെള്ളമാണ്.
എന്റെ അമ്മയുടെ തലോടലും
ശാസനയുമാണ്
ഏത് നാട്ടിലെത്തിയാലും
ഞാൻ സ്വപ്നം കാണുന്നത്
എന്റെ മലയാള ഭാഷയാണ്
നമ്മുടെ ഭാഷ നമ്മുടെ മലയാളം....



ഫാസിൽ സീ. ടി
9 A

# ഒരു ഗ്രാമീണ കഥ

സുന്ദരമായ ഒരു ഗ്രാമത്തിലാണ് ഈ കഥ നടക്കുന്നത്.അരവിന്ദൻ എന്ന ചെറുപ്പക്കാരന്റെ കഥയാണിത്.അരവിന്ദൻ എന്ന ചെറുപ്പക്കാരൻ കുട്ടികളെ പോലെയാണ് പെരുമാറുക. കുട്ടികളോടൊപ്പം കളിച്ചും രസിച്ചും നടക്കുന്നകതായിരുന്നു അവന് ഇഷ്ടം.അവൻ ജനിക്കുന്നതിന് മുമ്പെ അച്ഛൻ മരിച്ചു. അമ്മയാണെങ്കിൽ അവനെ പ്രസവിച്ചയുടനെ എന്നെന്നേക്കുമായി വേർപിരിഞ്ഞു.കുട്ടിക്കാലം മുതലെ അവനെ വളർത്തിയത് അവന്റെ ചേച്ചി സുമനയായിരുന്നു. അവനെ വളർത്തുന്നതിനും കുടുംബം മുന്നോട്ട് പോകുന്നതിനു വേണ്ടി ചേച്ചി തന്റെ പഠിപ്പ് നിർത്തി .ജോലിക്കു



പോകാൻ തുടങ്ങി.തന്റെ അധ്വാനം കൊണ്ട് കുഞ്ഞനുജനെ വളർകത്തുകയും പഠിപ്പിക്കുകയും ചെയ്തു.തന്റെ വീട്ടിൽ ദാരിദ്രമാണ്.അവരെ സഹായിക്കാനായി ബന്ധുക്കളായി

ആരുമില്ല.പിന്നെയുള്ളത് നാട്ടുകാരാണ്.അവർ താമസിക്കുന്ന വീടിന് വൈക്കോൽകൊണ്ടുള്ള മേൽക്കൂരയും മുള കെട്ടിക്കൂട്ടിയ ചുമരുമായിരുന്നു.



വീടിന് അപ്പുറമായി വിശാലമായ പാറ,പാറയുടെ മുകളിൽ നിന്ന് നോക്കിയാൽ ആ ഗ്രാമം മുഴുവൻ കാണാമായിരുന്നു.ആ ഗ്രാമം അധിമനോഹരമായിരുന്നു.

പച്ചപ്പ് കൊണ്ട് നിറഞ്ഞ പ്രദേശം,പാടങ്ങളും അരുവികളും പുഴകളും നിറഞ്ഞ ആ പ്രദേശം എല്ലാം തികഞ്ഞതായിരുന്നു.ഇവിടത്തെ പ്രഭാതമാകട്ടെ കിഴക്കെ ചക്രവാളത്തിൽ സിന്ദൂരം വാരിപ്പൂശി , പൂവിനെ ചിരിപ്പിച്ചുകൊണ്ട് വന്നണയുന്ന പ്രഭാതം.വെളിച്ചം പരത്തുന്ന സൂര്യൻ ഉദിച്ചുവരുന്നതുകണ്ടാൽ ആ ദിവസം മുഴുവൻ ശുപാപ്തി വിശ്വാസം നൽകുന്നതാണ്.ഈ പ്രദേശത്തിലെ പക്ഷികളുടെ തേൻ ഒഴുകും മധുരമായ ആ ശബ്ദം കേൾക്കാൻ തന്നെ എന്തു രസമാണ്. ഇ ഗ്രാമത്തിന്റെ സൗന്ദര്യം ഈ ഗ്രാമ ജീവിതത്തിന്റെ മാധുര്യം വർധിപ്പിക്കുന്നു.സൗരഭ്യവുമായി കുളിരുള്ള ഇളം കാറ്റ് തളിർത്തുനിൽക്കുന്ന മരങ്ങളെ തഴുകിവരുമ്പോൾ

ഹൃദയത്തിന്റെ ഉള്ളറയിൽ പടിഞ്ഞാറെ ചക്രവാളത്തെ വഹിച്ച് തന്റെ തിരകളാകുന്ന കൈകളാൽ താളം പിടിച്ച് പാടിപ്പാടി പാറക്കെട്ടുകളിലെല്ലാം തട്ടി പലുങ്കുമണി ചിതറിച്ചുകൊണ്ട് കാട്ടിലെ പൂഞ്ചോലകൾ മന്ദമായി ഒഴുകുന്നു.എന്തുകൊണ്ടും ഈ ഗ്രാമം വളരെ വ്യത്യസ്തമായിരുന്നു.



സുമനയുടേയും അരവിന്ദന്റെയും ചുറ്റുപാട് വളരെ സന്തോഷം. പക്ഷെ സ്വന്തം വീട്ടിലും മനസ്സിലും വളരെയധികം ദുഃഖം.

അരവിന്ദനാണെങ്കിൽ എല്ലാം ഓർത്ത് നിരാശയാണ്.സ്വന്തം പഠിപ്പ് നിർത്തി തന്നെ പഠിപ്പിക്കുന്ന ചേച്ചി, ആ ചേച്ചിക്ക് ഇതുവരെ ഒരു വളയോ ചാന്തോ ഞാൻ വാങ്ങിക്കൊടുത്തിട്ടില്ല.എല്ലാം തനിക്കു മാത്രം വാങ്ങിതന്നു. ചേച്ചിക്ക് അരവിന്ദന്റെ സന്തോഷമായിരുന്നു വലുത്.അരവിന്ദൻ തന്റെ കുട്ടിക്കളി വിട്ട് പഠനത്തിലായി ശ്രദ്ധ. അവന്റെ സ്വപ്നമാകട്ടെ ചേച്ചിയെ നല്ലൊരു കുടുംബത്തിലേക്ക് കെട്ടിച്ചു വിടണം. ഇതിനായി അവൻ തന്റെ കോളേജിൽ മികച്ച കുട്ടികൾക്കുള്ള സ്കോളർഷിപ്പ്

നേടി.ഇതിൽ തന്റെ ചേച്ചിക്ക് ആനന്ദാശ്രുകണങ്ങൾ പൊഴിഞ്ഞുവീണു. പിന്നെ നാളുകൾ കഴിഞ്ഞുപോയി.തന്റെ കുടുംബത്തിലെ ദാരിദ്ര്യം കുറഞ്ഞു വന്നു. അരവിന്ദനു ജോലി കിട്ടി . തന്റെ സ്വപ്നം പോലെ ചേച്ചിക്ക് നല്ലൊരു ബന്ധം വന്നു. അനുജനമായി വേറിട്ടു നിൽക്കുന്നതിനെക്കുറിച്ചോർത്ത് ചേച്ചി കല്യാണം വേണ്ട എന്നു വരെ തീരുമാനിച്ചു.ചേച്ചിക്ക് നല്ലൊരു കുടുംബം ഉണ്ടാകണം എന്നവൻ പറഞ്ഞു.




ചേച്ചിക്ക് കാണാൻ തോന്നുമ്പോൾ ഞാൻ വരും.പിന്നീട് അരവിന്ദനും ചേച്ചിക്കും ഒരു കുടുംബമായി.പിന്നീട് ഇവർ സന്തോഷത്തോടെ ജീവിച്ചു.

നിത്യ.എൻ

# കേരളം

1956 നവംബർ 1ന് കേരളം എന്ന കൊച്ചു സംസ്ഥാനം നിലവിൽ വന്നു അന്ന് 5 ജില്ലകൾ മാത്രമായിരുന്നു ഉണ്ടായിരുന്നു എന്നാൽ ഇന്ന്14 ജില്ലകളായി മാറിയിരിക്കുന്നു.

കേരളം വളരെ മനോഹരമാണ്. ദൈവത്തിന്റെസ്വന്തം നാട് എന്നാണ് കേരളംഅറിയപ്പെടുന്നത്. നാളികേരം നിറഞ്ഞ നാടാണ് നമ്മുടെ കൊച്ചുകേരളം നദികളും പുഴകളും കൊണ്ട് നിറഞ്ഞതാണ് കേരളം

by
muzammil
9.c



എന്തെ മടങ്ങാതെ നിന്നവൻ

അവന്റെ കൈമുട്ടും താങ്ങിയിരിക്കുന്നു
അമ്മയായ ഭൂമിയുടെ അവസാന നിമിഷമിതാ
നീ നെടുവീർപ്പോർടെ വലിച്ചിഴയുന്നു
ആരുംകണ്ണടക്കുന്നില്ല ഇത് കാണാതിരിക്കതാൻ
കൺപ്പോള നിവർത്തി മനുഷ്യനതാർത്യന് വേണ്ടിയല്ലോ ഭൂമി ഇതല്ലാം സഹിക്കുന്നത്
സർവ്വചരാചരങ്ങളേയുംഭംഗിയോടെ പരിപാലികുന്നത്
ഭൂമിയിൽ മുളക്കുന്ന പുൽച്ചെടി പോലും മനുഷ്യന്ന്
താങ്ങും തണലുമായി മാുന്നില്ലോ
പല വർണങ്ങളിൽ തിളങ്ങുന്ന വസതുക്കൾ
മനുഷ്യന് കൺനകുളിർക്കാനല്ലയേ....ഭൂമിയിൽ
ഇതല്ലാം നൽകിയിട്ടും എന്തേ
മനുഷ്യൻ അറിയാതെ നടന്നു
അവന്റെ കഴിവും ശക്തിയും മുഴുവനും അവൻ പ്രയോഗിച്ചത്
അമ്മയായ ഭൂമിയിൽ തന്നെയല്ലേ
ശാസ്ത്ര പുരോഗതിഭൂമിയുടെ രക്തം ഊറ്റിക്കുടിക്കുകയല്ലോ
ച്ചെയ്തത്
മനുഷ്യൻ നേടുന്ന അറിവും ഭൂമിക്കെതരായല്ലോ സമരപ്പിച്ചത്

മനുഷ്യന്റെ ആവതിയും പ്രയോഗിച്ചിട്ടെന്തേ
അവന് ലാഭമായി വിധിച്ച വിധി
ഓരുപാട് തിരികെ വിളിച്ചു അവനെ കഴിവതും അലറി
പിൻതിരിയാൻ വീണ്ടും അനുഗ്രഹിങ്ങൾ
കരഞ്ഞു ചോദിച്ചു മാപ്പ് നൽകി
പക്ഷേ ഇതിൽ നിന്നൊന്നും പിൻതിരിയുന്ന ഭാവം
പോലുംഅവൻ കാണിച്ചതേ ഇല്ല
കഴിയും അനുഗ്രഹങ്ങൾ മുഴുവനും നൽകിയിട്ടും
മരണത്തിന്റെ മല്ലടിയിലേക് തല തിരിയുന്നു
മനുഷ്യൻ ഇനിയും ചെയ്യട്ടെ ക്രൂരതകൾ
ഇനിയും വിളിക്കാൻ ഭൂമിയുണ്ടാവില്ലെന്ന് മാത്രം

BY
MUZAMMIL V.P 9.C

# ഞാൻ വായിച്ച കവിത



## പൂക്കുന്നിതാ മുല്ല

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി,
പൂക്കുന്നു തേന്മാവു, പൂക്കുന്നശോകം;
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ, പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ.

എല്ലായിടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു;
ഉല്ലാസമീ നീണ്ട കൂക്കൂരവത്താ-
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ.

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവറ്റെ-
ന്തോണം വെളുക്കുന്നുഷസ്സോയിതെല്ലാം?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ-
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി-
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ.



ചന്തം ധരയ്ക്കേറെയായ് ശീതവും പോ,-
യന്തിക്കു പൂങ്കാവിലാളേറെയായി;
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ—വന്നൂ വസന്തം!

നാകത്തിൽനിന്നോമനേ, നിന്നെ വിട്ടീ
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ!

# ഒരു കുളിർ മഴക്കായ്



ഭൂമിയാം അമ്മതൻ
ആനന്ദക്കണ്ണീരാം
മഴകളെ നിങ്ങളെവിടെ
പൊയ് പോയ് മറഞ്ഞു
കേരളമെന്നൊരു നാടിൻ
പാടും മലകളും തോടും പുഴകളും
കള കളമൊഴുകും അരുവികളും
കടന്ന് നിങ്ങളെവിടെ
പോയ് മറഞ്ഞു

അമ്മയ്ക്കില്ലേ ആനന്ദം ആഹ്ലദം
ആരേ വേദനിപ്പിച്ചു എൻ അമ്മയെ
മഴയില്ലാക്കാറ്റില്ലാ ജലസമൃദ്ധിയില്ലാ
അമ്മതൻ ഖിന്നതയുടെ
മുറിപ്പാടുകൾകൊണ്ട ചൂടുമാത്രം
വെറും ചുടു കാറ്റുമാത്രം
എന്തിനേ വിട്ടു കൊടുത്തു
ഞങ്ങൾ പാപികളെ
കൊടും വേനൽ കരങ്ങളിൽ
ക്ഷമിക്കേണമേ എന്നാലും
ആനന്ദ കണ്ണീർ ഒഴുക്കണമിനിയും
ഇതിന് ഞങ്ങൾ ആരുമമക്കളെന്തു വേണ്ടു
അമ്മതൻ മക്കൾ തപസ്സിരിക്കുന്നു
ശാന്തി സമൃദ്ധിയാർന്ന ആദ്യ കാലത്തിനായ്
ഒന്നുപ്പൊട്ടിച്ചിരിച്ചുക്കൂടെ
എന്നിട്ടങ്ങിനെ ആകാശത്തെ
കരയിച്ചുകൂടേ
ഒരു കുളിർ മഴയ്ക്കായ്...............

# ഉറക്കം

എല്ലാമറിഞ്ഞിട്ടും കാത്തിരുന്നു,
ഞാനമ്മയെ...അമ്മ വന്നിട്ടു വേണ-
മെനിക്കാമടിയിൽ തലചായ്ച്ചുറങ്ങാൻ
പണ്ടേതന്നെ തലോടിയ കൈകളും കഥകളും
പാട്ടുമെല്ലാമൊന്നു കൂടി വേണമെനിക്ക്
അന്ന്,



ഞാനുണ്ണിയോടത്താ മാഞ്ചുവട്ടിൽ
കളിക്കുമ്പോഴായിരുന്നു
തൂവെള്ള വസ്ത്രത്തിലെന്നമ്മയെ
കുറച്ചാളുകൾ വീട്ടിലെത്തിച്ചത്
അന്ന്, നനവൂറിയ
അച്ഛൻെറ കണ്ണിലൊന്നുമറിയാത്ത
ഉണ്ണിയുടെ കുസൃതിയിലും അമ്മയുടെ മുഖം കണ്ടു ഞാൻ
പിന്നീട്,
അച്ഛനെന്നേയും ഉണ്ണിയെയും മാറോടണച്ച് പറഞ്ഞത്
ഇനി അമ്മയും താൻ തന്നെയായിരിക്കുമെന്നാണ്
എല്ലാമറിഞ്ഞു ഞാൻ അമ്മേ....
എങ്കിലുമൊരു മാത്രയല്ലെങ്കി

ലൊരു നോക്കിനെങ്കിലും....വരിക എൻ അമ്മേ............

-ഫാബി.പി

൯.c

# കുസൃതിക്കാരി

തുള്ളിക്കൊരു കുടം കണക്കെ പെയ്തൊഴിഞ്ഞ
 രാത്രി കഴിഞ്ഞ നേരം.
തെളിവാർന്ന പ്രഭാതത്തെ ഞാൻ വരവേറ്റ നേരം.
അപൂർവ്വമാമൊരു മഞ്ഞക്കിളിയെൻ
കാതോരം വന്നു ചിലച്ച നേരം .
മനം തുടിച്ച ഞാൻ ജാലകവാതിലിൻ
പടിയിൽ പിടിച്ച പ്രകൃതിയെ നോക്കി
അവളന്റെ  മിഴികളിൽ കണികാണിച്ച
പറന്നുപോയി.
നിത്യേന വരാറുള്ള നീലപ്പൊന്മാനെ
കാണുന്നില്ലെന്ന് ശങ്കിച്ച നിന്ന നേരം
കാതുകൂർപ്പിച്ച ഞാൻ ഓലത്തുമ്പിലേക്ക് നോക്കി.
കണ്ടില്ല ഞാനവളെ കുസൃതിക്കാരി.

-ഷംലി .കെ

9.c

## കേരളം എന്ന ഹരിതമോഹനം

ഒറ്റക്കണ്ണനായ പകലവൻ ഉദിച്ചു.കേരളം എന്ന പച്ചപ്പിൻെറ നാട് പിറന്നുവെന്ന് എല്ലാവരുടെയും കാതിലെത്തി.കേരളം എന്ന നാട്ടിൽ മനുഷ്യർ ഇല്ലായിരുന്നു.പക്ഷികളും മൃഗങ്ങളുമായിരുന്നു അവിടെ വസിച്ചിരുന്നത്.എല്ലാവരും ഉൽസാഹത്തോടെ വാഹനത്തിൽ കയറി.അവർ കേരളക്കരയിലെത്തി.അവരുടെ മുഖത്തെ കാണിക്കുന്ന കണ്ണാടി പോലെ ഒഴുകുന്ന നദികൾ ,തേനിനെക്കാളും പാലിനെക്കാളും മധുരമുള്ള അരുവികൾ ,പച്ചപ്പുരവതാനി



വിരിച്ച പർവതങ്ങൾ,പുഴയിലേക്ക് ഒന്നുനോക്കിയാൽ തിളങ്ങുന്ന കണ്ണുകളുള്ള മീനുകൾ,വയലുകൾ,മരങ്ങൾ,പാറിപ്പറക്കുന്ന

പൂമ്പാറ്റകൾ,തേങ്ങകൾ പൂത്ത് നിൽക്കുന്ന
തെങ്ങുകൾ.ഇങ്ങനെയുള്ള കേരളമാണ് ഇന്ന് കാണുന്ന
കേരളം.നവംബർ 1 ലൂടെ കേരളത്തെ പുതുക്കാം.

നഫീസത്തുൽ മിസ്‌രിയ്യ.കെ

# മാതൃസ്നേഹം




**ഒരായിരം**

**ചുംബനം നൽകി**
**വാടിയ പൂപോലെ**
**നിൽക്കുന്ന അമ്മയെഞാൻ**
**നോക്കി വിതുമ്പുന്ന**
**കണ്ണാൽ ഒരായിരം**
**ആവർത്തനങ്ങളിൽ**
**എങ്ങോ പോയി മറഞ്ഞ**
**രണ്ട് കണ്ണുക്കൾ**
**ഏതൊ കിനാവിൻ**
**കോണിൽ**

# മേഘങ്ങൾ സാക്ഷിയായി

വാനിലെ  നിശ്ശബ്ദമായ ത്രൂപങ്ങളെ നോക്കി
ഞാൻ
നിൽക്കവെ......
അതെന്നെ നോക്കി മിഴിച്ചു
ഞാൻ മേഘ്യങ്ങളോട് പറഞ്ഞു
എന്താ ഒന്ന് കരഞ്ഞൂടേ.....



ഭൂമിയിലെ സർവതും നിന്റെ കണ്ണുനീരിനായി
കാത്തിരിക്കുകയാണല്ലോ .....
നിൻ പ്രിയതമയായ വയലേലകൾ നിന്നോട്
യാചിച്ചില്ലേ......
നിന്റെ വെള്ളിയിഴകളെ നീ അറുത്തു മാറ്റുക
വാനിലേക്കുയരുന്ന  വൃക്ഷങ്ങളുടെ സ്വകാര്യം നീ
കേൾക്കുന്നില്ലേ....
നിന്റെ തണലിൽ ലോകം മുഴുവൻ ചുറ്റുന്ന പറവകളുടെ
ശബ്ദം നീ കേൾക്കുന്നില്ലേ.....
പിന്നെയോ.......
ഭൂമിയിലെ ജലാംശം മുഴുവൻ ഊറ്റിയെടുത്തിട്ടല്ലേ......



ഈ സസ്യവർഗവും നിന്നെ പഴിക്കുന്നത്
ഇതെല്ലാം നിന്നോട് പറയുമ്പോഴെന്തിനാണെൻ
ഹൃദയം മിടിക്കുന്നതിങ്ങനെ
ഒരു കൊച്ചു കിരണമായ് ഈ ലോകം കാണാൻ
ശ്രമിച്ചു ഞാൻ
കണ്ടതോ.....
ചിലന്തി വല നെയ്യുകയാണ്
ചതിയുടെ മണമുള്ള വെള്ളിനൂലിഴകൾ
നീ പേടിക്കുന്നതീ മാനവ വർഗ്ഗമോ......?
പറയുവാൻ അർഹയുമല്ല ഞാൻ  നിന്നോട്
നീ നിന്റെ വശത്തിൽ നിൽക്കുക തന്നെ ചെയ്യുക
മനുഷ്യൻ ഇനിയും ചെയ്യട്ടെ ക്രൂരതകൽ
ഇനിയും വിളിക്കാൻ ഭൂമിയുണ്ടാവില്ലെന്ന് മാത്രം.

# The Cap-Seller and The Monkeys.




Once, there was a cap-seller in a town. On one fine day, he was selling caps.

"Caps, caps, caps....Five rupees caps, ten rupees caps...."


After he made few sales of caps, he became very tired. He decided to sit under a big tree to take rest for a while. Soon, he slept off.

There were many monkeys on the big tree. They saw the cap-seller was sleeping under the tree. The monkeys were sitting on the top of the tree. The monkeys came down, took the caps from the cap-seller-bag and wore them. Then they climbed the tree again.



When the cap seller woke up, he was shocked to see his basket empty. He searched for his caps. To his surprise, he saw the monkeys

were wearing




them. He found that monkeys were imitating him. So, he started throwing his cap down and the monkeys also did so. The cap-seller collected all the caps, put them back in his basket and went away happily.

# കാഴ്ച്ചകൾ

ആകാശത്ത് പറന്ന് നടക്കും
കുഞ്ഞിക്കുരുവി പറഞ്ഞല്ലോ
പച്ച പുതച്ച് കിടക്കും ഭൂമിയെ
കാണാനെന്തൊരു രസമാണ്.

വലിയൊരു മലയുമെന്നുടെ കണ്ണിൽ
ചെറിയൊരു കൂരയെപ്പോലെന്നാൽ
വലിയൊരു നദിയോമെന്നുടെ മുന്നിൽ
വെള്ളിയരഞ്ഞാൺപോലെല്ലോ.



കടലിനുമുകളിൽ പാറിനടന്നാൽ
കാഴ്ച്ചകൾ പലതും കാണാലോ?
നീലാകാശത്തലഞ്ഞു നടക്കും
പറവകളെപ്പോൽ വള്ളങ്ങൾ.

ഇരുളുപരന്നാൽ ഭൂമിയെ കാണാൻ
കൗതുകമേറും എൻ കുഞ്ഞേ
ഇരുളിനെ തട്ടിയകറ്റും മിന്നാ
മിന്നികളല്ലോ ദീപങ്ങൾ

നിദ ഫാത്തിമ.പി.കെ
൯.C

# കാലത്തിൻ ഓർമമകൾ

പൂപോലെ  പുത്തോരു കാലം
ആക്കാലത്തു ഞാൻ കേട്ട രാഗം
ആരാഗത്തിൽ ഞാൻ കണ്ട താളം
ആ താളമാണെന്നിലെ വർഷക്കാലം
കാലങ്ങളിങ്ങനെ നീണ്ടുനിൽക്കെ



ഒരുവട്ടം പുത്തോരീ പുക്കൾ പോലെ
കോരിച്ചോരിയുന്ന വർഷക്കാലം
ചിതലരിക്കുന്ന ഓർമമകൾ മാത്രമെൻ
അകത്തളത്തിൽ എരിയുന്ന സ്നേഹമായ്
ഓർക്കുന്നു ഞാനാ പോൻകിനാവ്.......
പോട്ടിത്തെറിക്കുന്ന എൻ ചിന്തയിൽ
കത്തിജ്ജ്വലിക്കുന്ന സൂര്യരേഖയായ്
ഓർക്കൂന്നു ഞാനാ കാലങ്ങളെ
നീറൂമോർമ്മകൾ വിരിയുന്ന കാലങ്ങളെ .

By-AFNAN.P

9C

# ചിലത്

സ്വന്തമെന്നു തോന്നിപ്പിച്ചു
കുടിയിറക്കുന്ന
ചില തെരുവുകളുണ്ട്;
ഉള്ളുപേക്ഷിച്ചു ഉടൽ
ഒഴിയുന്നിടങ്ങൾ.
തിരസ്കാരത്തിന്റെ
ഉപ്പുഭരണിയിലേക്കു
എറിയപെടുന്ന ചില
ജന്മങ്ങളുണ്ട്
വിളർത്തും കായ്ച്ചും
നോവുപരലാകുമവ.
'ജീവിതം'എന്ന്
പേരുള്ള ചില
മരണങ്ങൾ പോലേ.



BY AFNAN P

9C

# ശൂന്യമോ ഈയാത്ര.......?



സ്വപ്നങ്ങൾ ആയിരം
സ്വന്തമെന്നോതുന്ന
സ്വസ്ഥതയില്ല ഭൂമുഖത്ത്

കർമങ്ങൾ പലതഴ്
ഓർത്തോർത്തിരിപ്പ വെ
ഓട്ടത്തിനം എങ്ങോട്ട്?

ജീവിതം മുഴുവനായ്
ജീവിച്ചു തിർക്കുവാൻ
ജീവിച്ചു തിർക്കുവാൻ
ജീവിത മിനിയു ബാക്കി തന്നെ

ഭാവിതൻ ചിഞകൾ ഭാവിച്ചിരിക്കവെ
ഭാരമായ് തിരുമോ
ഭൂമിക്കു ഞാൻ.........?

:safeena misry.k

9A

# വിദ്യാലയം

വിദ്യാലയമെന്ന കുഞ്ഞു ശലഭമെ........

കാഴ്ചമേല കട്ടലോ ലുപ്പമെതൃ.......
കൊച്ച പുഞ്ചിരിയും ച്ചൂരൽകഷായവും

അധ്യപകർക്കെന്നും ഒന്നു തന്നെ......

വന്നോളു.....വന്നോളു......

വിദ്യാലയ

ത്തിൻമണ്ണി

ൽ

കണ്ടോളു.....

കണ്ടോളു.....
.
നല്ല

നന്മ......



എന്നാലും....

...എന്നാലും.

....
നമമൾ അറിഞ്ഞില്ല
ദൈവത്തെ ആറിഞ്ഞില്ല

ദൈവത്തിൻ അനുഗ്രഹം

വിദ്യാഭ്യാസം.......................

# ഒരു യാത്ര

തന്റെ കുടുംബത്തോടൊത്ത് ഒരു യാത്ര!ഇടുക്കിയുടെ വനഭംഗി ആസ്വദിക്കാൻ ഒരു മൂന്ന് ദിവസത്തെ ക്യാമ്പ്.

ഇടുക്കി! എനിക്ക് ഇടുക്കി അപരിചിതമല്ല.ഇതിനുമുമ്പും ഞങ്ങൾ ഇതുവഴി പോയിട്ടുണ്ട്.പക്ഷെ,അന്നൊന്നും കാണാത്ത മറ്റു കാഴ്ച്ചകളും ഇന്ന് കണ്ടതുപോലെയുള്ള പോകുന്ന വഴിയിൽ ഇരുഭാഗത്തും തേയിലത്തോട്ടങ്ങൾ,ഉയർന്നും താഴ്ന്നും കുന്നുകളും ,അവയെപൊതിഞ്ഞ് താഴ്ന്നിറങ്ങിയ കോടമഞ്ഞിന്റെ നേർത്ത തണുപ്പ് എന്നിവ യാത്രയുടെ ഭംഗി കൂട്ടി.



കേരളത്തിലെ മനോഹരമായ ജില്ലയാണ് ഇടുക്കി.മലനിരകളും വനങ്ങളും നിറഞ്ഞ ജില്ല. ഇടുക്കി കേരളത്തിലാണെങ്കിലും മലയാളം മാത്രമല്ല അവിടെ സംസാരിക്കുന്നത്.തമിഴും സംസാരിക്കുന്നതായി കാണാം..

<u>ഇടുക്കി ഡാം.</u>

ഏഷ്യയിലെ തന്നെ ഉയരം കൂടിയ ഡാമുകളിലൊന്നാണ് പെരിയാർ നദിയിലെ ഇടുക്കി ഡാം.വൈദ്യുതി ഉൽപ്പാദനം എന്ന ലക്ഷ്യത്താൽ 1969 ഏപ്രിൽ 30 ന് പണി ആരംഭിച്ച ഡാം പ്രവർത്തിച്ചത് 1975 ഒക്ടോബർ 4 ന് ആണ്. മൂലമറ്റം ഹൈഡ്രോ പമർ സ്റ്റേഷനിൽ ഡാമിലുള്ള support 78 MW ഓളം വരും. 168.91 cm(554 ft)ഉയരവും 365 .85 (1200 ft)നീളമുള്ള ഡാമിനെ അത്ഭുതത്തിലധികം ഭയവും ആയി. ഈ ഭാഗത്ത് ധാരാളം ആദിവാസികൾ ഉണ്ട്.ഡാം അവരുടെ ജീവിത മാർഗം കൂടിയാണ്.



64 നിലയുള്ള കെട്ടിടങ്ങൾ മുങ്ങി പോകൽ മാത്രം വെള്ളം ഈ ഡാമിൽ ഉണ്ട്.ഇതുതകർന്നാൽ മൂന്ന് ജില്ലകൾ പൂർമായി മുങ്ങും എന്നത് ഭീതിയുയർത്തുന്ന വാർത്തയാണ്.ഇങ്ങനെ ഇടുക്കിയുടെ മണ്ണിലൂടെ മൂന്ന് ദിവസ ക്യാമ്പിൽ ഞാൻ ധാരാളം കാരായങ്ങൾ മനസ്സിലാക്കി.ഈ ഒരു തിരിച്ചറിവ് ഉള്ളതു കൊണ്ടു തന്നെ യാത്ര എന്റെ മനസ്സിന് പ്രിയമുള്ളതാക്കി

-സഫീന മിസ്രി. 9 A

# വിദ്യാർത്ഥിയുടെ പ്രധാന ലക്ഷ്യം പഠനമാണ്

പഠനം വ്യതിചലിക്കാൻ ഒരുപാട് കാരണങ്ങളുണ്ട്.മിക്ക വിദ്യാർത്ഥികളും സമൂഹത്തിലും കുടുംബത്തിലും അംഗീകാരം കൊതിക്കുന്നവരാണ്.പക്ഷെ അത് തഴയപ്പെടുന്നതോടെ ആ അംഗീകാരം ലഭിക്കാനുള്ള വഴി തേടുന്നു.അത് വിദ്യാർത്ഥിയെ കൊണ്ടെത്തിക്കുന്നത് കുടുംബത്തിന്റെയും സമൂഹത്തിന്റെയും സന്കീർണമായ ഉള്ളറകളിലേക്കാണ്.തുടർന്ന് പഠനത്തിനുള്ള ശ്രദ്ധ കുറയാൻ ഇതൊരു കാരണമാകുന്നു.



ചില വിദ്യാർത്ഥികൾ ദൃശ്യമാധ്യമങ്ങളിലൂടെ കാണുന്ന വിദ്യാർത്ഥി ജീവിതത്തെ അനുകരിക്കാൻ ശ്രമിക്കുന്നു.തുടർന്ന് തന്റെ വിദ്യാലയത്തെ കുറിച്ച് ഒരുപാട് മിഥ്യാധാരണകൾക്ക് മനസ്സിൽ രൂപം കൊടുക്കുന്നു.അതുവരെ പഠനത്തിന്റെ ലോകത്ത് മാത്രം ഒതുങ്ങിയിരിക്കുന്ന വിത്യാർത്ഥി റൗഡിസത്തെക്കുറിച്ചും പ്രണയത്തെ കുറിച്ചും ചിന്തിച്ച് തുടങ്ങുന്നു.



ജീവിതം ഒരിക്കൽ മാത്രമാണ്.ദൈവം സുഖങ്ങളും ദുഃഖങ്ങളും ഒരുപോലെ നൽകും.ഇരുകൈകളും നീട്ടി സ്വീകരിക്കുക.പ്രശ്നങ്ങളെ ഉറച്ച മനസ്സോടുകൂടി നേരിടണം.മനുഷ്യനാണെന്കിൽ ജീവിതപ്രശ്നങ്ങൾ ഉണ്ടായിരിക്കും.അതിനെ അതിജീവിക്കാനുള്ള കഴിവ് നൽകുന്നതാണ് ശക്തമായ നിദ്യാഭ്യാസം.ഒന്നോർക്കുക....അറിവെന്ന സമ്പത്ത് എവിടെയും ആർക്ക് മുന്നിലും അവസാനിക്കുന്നില്ല.

–ഫാബി.പി 9C

# അറിയാതെ വന്ന മഴ

*ഒരിക്കലും ഓർത്തില്ല മഴ*
*അറിയാതെ പെട്ടെന്നു വന്ന മഴ*
*പുഴകളും തടാകങ്ങളും പാടങ്ങളും*
*നിറഞ്ഞ മഴ...........*
*എല്ലാവരുടേയും  കണ്ണുനീർ കൊണ്ടുപോയ മഴ*
*പെട്ടെന്നു നിന്നൊരീ മഴ*
*ഒരിക്കലും ഓർത്തില്ല വെയിൽ*
*നാടാകെ മരുഭ്രൂമിയാക്കി വെയിൽ*
*പുഴകളും തടാകങ്ങളും തോടുകളും*
*വറ്റിച്ചുകൊണ്ടുപോയ വെയിൽ*
*ഹാ....എന്താണ് കാലാവസ്ഥ...!*





മുഹമ്മദ് യാസീൻ 7 ബി




ഹിഷാം 10 എ




ഹിഷാം 10 എ


JUNIOR RED CROSS
JRC
INAUGURATION

നന്ദി

മാഗസിൻ നിർമാണത്തിനു സഹകരിച്ച എല്ലാവർക്കും.....